**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2286 | 05.12.2018 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ ഷെൽട്ടർ ഹോം** | |
| ചോദ്യം | മറുപടി |
| **ശ്രീമതി. ആയിഷാ പോറ്റി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് എത്ര നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നു എന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ ; | (എ) വനിത ശിശു വികസന വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് സുരക്ഷിത അഭയം നൽകുന്നതിന് നിലവിൽ പതിമൂന്ന് ഹോമുകൾ തിരുവനന്തപുരം - 3, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോന്ന് വീതവും സന്നദ്ധസംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 12 വയസ്സിനു താഴെയുള്ള ലൈംഗീക അതിക്രമങ്ങൾ അതിജീവിച്ചവർക്ക് തിരുവനന്തപുരം ജില്ലയിൽ 16.11.18 ൽ SOS മോഡൽ ഷെൽട്ടർ ഹോം പ്രവർത്തനം ആരംഭിച്ചു. |
| (ബി) നിർഭയ ഷെൽട്ടർ ഹോമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ? | (ബി) വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് നിർഭയ സെൽ മുഖേന, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗീകാതിക്രമങ്ങൾ തടയുന്നതിനുവേണ്ടി കേരള സർക്കാർ നടപ്പാക്കി വരുന്ന നൂതന നയപരിപാടിയാണ് നിർഭയനയം. ലൈംഗീക പീഡനം, ലൈംഗീകാതിക്രമം, ലൈംഗീക വൃത്തിക്കു വേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയ പോളിസി |

| | |
|---|---|
| • | മുൻതൂക്കം നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗീക അതിക്രമം തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് സ്റ്റേറ്റ് നിർഭയ സെൽ മുഖേന വനിതാ ശിശു വികസന വകുപ്പ് ലക്ഷ്യമിടുന്നത്. നിലവിൽ ഹോം ഇല്ലാത്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ 2018 ഡിസംബർ മാസത്തിൽ കേരള മഹിള സമഖ്യ സൊസൈറ്റി എന്ന സന്നദ്ധ സംഘടനയുടെ മേൽനോട്ടത്തിൽ ഹോം ആരംഭിക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചു വരുന്നു. വിമൺ ആന്റ് ചിൽഡ്രൻ ഹോമുകളിലെ താമസക്കാരുടെ പുനരധിവാസത്തിനാവശ്യമായ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കൗൺസിലിംഗ്, വൈദ്യസഹായം, നിയമസഹായം എന്നിവ ഹോമുകളിലൂടെ നൽകി വരുന്നു. |
| (സി) നിർഭയ ഷെൽട്ടർ ഹോമുകളുടെ പേര് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; വിശദാംശങ്ങൾ നൽകുമോ? | (സി) നിർഭയ ഷെൽട്ടർ ഹോമുകളുടെ പേര് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സ.ഉ(സാധാ) നം. 617/2018/സാനീവ തീയതി 30.10.2018 നമ്പർ ഉത്തരവ് പ്രകാരം നിർഭയ ഷെൽട്ടർ ഹോമുകളുടെ പേര് വിമൻ ആന്റ് ചിൽഡ്രൻ ഹോം എന്ന് പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ